(സി) ചെലവിനേക്കാൾ കുറഞ്ഞ താരിഫ് നിരക്കുകൾ നിശ്ചയിക്കുക വഴിയും മറ്റിളവുകൾ അനുവദിക്കുകവഴിയും ബോർഡിനുണ്ടായിട്ടുള്ള മുൻ വർഷങ്ങളിലെ വരുമാന കമ്മി ചുവടെ കൊടുക്കുന്നു:

വർഷം	1992-നു മുമ്പുള്ള താരിഫ് മുഖേന	സബ്സിഡി	മൊത്തം കമ്മി
1998-1999	50.07	251.83	301.90
1999-2000	88.98	243.39	332.37
2000-2001	86.36	1186.48	1286.05
2001-2002	76.75	1239.70	1316.43
2002-2003	13.85	1001.71	1015.56

(ഡി) നടപ്പുവർഷം നിലവിലുള്ള താരിഫ് നിരക്കുമൂലവും മറ്റിളവുകൾ വഴിയും ഉണ്ടാകുമെന്ന് ബോർഡ് കണക്കാക്കിയിട്ടുള്ള വരുമാന കമ്മി 926.08 കോടി രൂപയാണ്.

(ഇ) കഴിഞ്ഞ രണ്ടു വർഷം സംസ്ഥാന ഗവൺമെന്റിൽ നിന്നും സബ്സിഡിയായി നൽകിയിട്ടുള്ള തുക 2001-02-ൽ 7.57 കോടി രൂപ, 2002-03-ൽ 200 കോടി രൂപ. ടി തുക പണമായിട്ടു നൽകുന്നതിനു പകരം ബോർഡ് സർക്കാരിന് നൽകേണ്ട തുകകളിൽ തട്ടിക്കിഴിക്കുകയാണ് ചെയ്തത്.

കമ്മി കുറയ്ക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ

14 [1693] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2001-2002, 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷത്തേക്ക് പാസാക്കിയ ബഡ്ജറ്റുകളിൽ ബോർഡിന്റെ കമ്മി കണക്കാക്കിയത് എത്ര കോടി രൂപയുടേതായിരുന്നു;

(ബി) യഥാർത്ഥത്തിൽ എത്ര കോടിയുടെ കമ്മി ഉണ്ടായിരുന്നു;

(സി) നടപ്പ് സാമ്പത്തിക വർഷത്തെ കമ്മി ബഡ്ജറ്റിൽ കണക്കാക്കിയതിലും വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ കാരണമെന്ത്;

(ഡി) കമ്മി കുറയ്ക്കുന്നതിന് ഇതിനകം ബോർഡ് സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാമാണ്;

(ഇ) കമ്മി കുറയ്ക്കുന്നതിന് ബോർഡ് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ പാസ്സാക്കിയ ബോർഡിന്റെ ബഡ്ജറ്റുകളിൽ കണക്കാക്കിയ കമ്മിയുടെ വിവരം ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

2001-02	—	538
2002-03	—	958
2003-04	—	966.52

(ബി ആന്റ് സി) 2001-2002, 2002-03 (താൽക്കാലിക വാർഷിക കണക്ക്) എന്നീ വർഷങ്ങളിലെ ബോർഡിന്റെ വാർഷിക കണക്ക് പ്രകാരമുള്ള കമ്മിയുടെ വിവരം ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

2001-02	—	1316.43
2002-03	—	1015.57
2003-04	—	966.52

(എസ്റ്റിമേറ്റ്)—2003-04-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 966.52 കോടിയുടെ കമ്മി കണക്കാക്കിയിട്ടുണ്ട്.

(ഡി) കമ്മി കുറയ്ക്കുന്നതിന്റെ ഭാഗമായി ചെലവ് ചുരുക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. പവർ ഫിനാൻസ് കോർപ്പറേഷൻ, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ബോർഡ് സ്വീകരിച്ചിരുന്ന വായ്പകളുടെ പുനഃക്രമീകരണം നടത്തിയതു വഴി പലിശ നിരക്കുകൾ കുറയ്ക്കുന്നതിന് ബോർഡിന് സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ മറ്റ് പല സ്ഥാപനങ്ങളും ബോർഡിന് നൽകിയ വായ്പയിൻമേലുള്ള പലിശ നിരക്ക് കുറച്ച് തരുന്നതിന് സമ്മതിച്ചിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി പലിശയിനത്തിൽ ബോർഡിനുണ്ടാകുമായിരുന്ന ചെലവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

2. സാധന സാമഗ്രികളുടെ വാങ്ങലിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയതുമൂലം അത് മുഖാന്തിരമുള്ള ചെലവുകൾക്ക് കുറവുണ്ടായി.

3. ബോർഡ് ചെലവിൽ മണി ഓർഡറായി നൽകിക്കൊണ്ടിരുന്ന പെൻഷൻ വിതരണം നിർത്തൽ ചെയ്തു. ചെക്ക് വഴി നടത്തിയിരുന്ന പെൻഷൻ വിതരണം നിർത്തൽ ചെയ്തിട്ട് മുഴുവൻ പെൻഷനും ബാങ്ക് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

4. എൻ.റ്റി.പി.സി. കായംകുളം താപനിലയത്തിന്റെ വൈദ്യുതിയുടെ സ്ഥാപിത ശേഷിയുടെ പകുതി ഭാഗം തമിഴ്നാടിന് നൽകുന്നതിനാലും, കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി നാഫ്ത, എൽ.എസ്.എച്ച്.എസ്. എന്നിവയ്ക്ക് തീരുവ കുറയ്ക്കുക വഴിയും ബോർഡിന്റെ വൈദ്യുതി വാങ്ങൽ ചെലവിൽ കുറവ് വരുത്തിയിട്ടുണ്ട്.

(ഇ) സബ്സിഡി തുക ലഭ്യമാക്കുന്നതിനും, സർക്കാർ സ്ഥാപനങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന്റെ കുടിശ്ശിക തുക അടക്കുന്നതിനും, യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ താരിഫ് പുനർനിർണ്ണയം ചെയ്യുന്നതിനും കാലാകാലങ്ങളിൽ സർക്കാരിനോട് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

മീറ്റർ കമ്പനിയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ നടപടി

15 [1694] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജനുവരിയിൽ സർക്കാരും വൈദ്യുതി ബോർഡും മീറ്റർ കമ്പനിയും ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കരാർ വ്യവസ്ഥ നിലവിലുണ്ടോ; പ്രസ്തുത കരാർ റദ്ദു ചെയ്തിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മെക്കാനിക്കൽ മീറ്ററിൽ നിന്നും ഇലക്ട്രോണിക് മീറ്ററിലേക്ക് മാറ്റാനുള്ള തീരുമാനം മീറ്റർ കമ്പനിയെ പ്രതിസന്ധിയിലാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മീറ്റർ കമ്പനിയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly